**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5416** **05-07-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടുത്തി മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുന്ന പദ്ധതിയാണ് Fully Automated Traffic Enforcement System’.<br><br>സംസ്ഥാനത്ത് റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളും ഗുരുതര പരുക്കുകളും കുറയ്ക്കുക, സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരഷ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ ആണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഹെൽമെറ്റ് ധരിക്കാതെയുള്ള ഇരുചക്ര വാഹന യാത്ര, സീറ്റ് ബെൽറ്റ് ധരിക്കാതെയുള്ള യാത്ര, വാഹനം ഓടിക്കുമ്പോൾ ഉള്ള മൊബൈൽ ഫോൺ ഉപയോഗം, അമിതവേഗം, റെഡ് ലൈറ്റ് ലംഘിക്കൽ മുതലായ ട്രാഫിക് നിയമ ലംഘനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ വലിയ ശതമാനം റോഡപകടമരണങ്ങളും ഗുരുതര പരുക്കുകളും ഒഴിവാക്കാൻ കഴിയും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമോട്ടോർ വാഹന വകുപ്പ് സേഫ് കേരള പദ്ധതിയുടെ ഭാഗമായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വിഭാവന ചെയ്ത വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് ‘Fully Automate d Traffic Enforcement System’ |

| | | | |
|---|---|---|---|
| | | | ഇതിന്റെ ഭാഗമായി സംസ്ഥാനത്തു 12 ജില്ലകളിലായി എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമുകളും ഒരു ഡാറ്റാ സെന്റർ അടങ്ങുന്ന സെൻട്രൽ കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. 675 എ ഐ അധിഷ്ഠിത എൻഫോഴ്സ്മെന്റ് സംവിധാനങ്ങളും 25 പാർക്കിംഗ് വയലേഷൻ കണ്ടെത്താനുള്ള സംവിധാനങ്ങളും, 8 അമിത വേഗം കണ്ടെത്താനുള്ള സംവിധാനങ്ങളും, 18 റെഡ് ലൈറ്റ് വയലേഷൻ കണ്ടെത്താനുള്ള 8 സംവിധാനങ്ങളും ആണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ സംവിധാനങ്ങൾ വഴി കണ്ടെത്തുന്ന നിയമലംഘനങ്ങൾ അതാത് ജില്ലാ കൺട്രോൾ റൂമുകളിൽ നിന്നും ബന്ധപ്പെട്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ അംഗീകാരത്തിനു ശേഷം വാഹന ഉടമകൾക്ക് നോട്ടീസ് ആയി അയക്കുന്നു. ഇതിനു ആവശ്യമായ എല്ലാ ഐ.റ്റി ഉപകരണങ്ങളും, 5 വർഷത്തെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെയും പദ്ധതിയുടെ ഭാഗമായി കെൽട്രോൺ നൽകിയിട്ടുണ്ട്.പദ്ധതി കാര്യക്ഷമമായി നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമത വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടുത്തി മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുന്ന പദ്ധതിയാണ് Fully Automated Traffic Enforcement System'.<br><br>സംസ്ഥാനത്ത് റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളും ഗുരുതര പരുക്കുകളും കുറയ്ക്കുക, സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ ആണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഹെൽമെറ്റ് ധരിക്കാതെയുള്ള ഇരുചക്ര വാഹന യാത്ര, സീറ്റ് ബെൽറ്റ് ധരിക്കാതെയുള്ള യാത്ര, വാഹനം ഓടിക്കുമ്പോൾ ഉള്ള മൊബൈൽ ഫോൺ ഉപയോഗം, അമിതവേഗം, റെഡ് ലൈറ്റ് ലംഘിക്കൽ മുതലായ ട്രാഫിക് നിയമ ലംഘനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ വലിയ ശതമാനം റോഡപകടമരണങ്ങളും ഗുരുതര പരുക്കുകളും ഒഴിവാക്കാൻ കഴിയും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമോട്ടോർ വാഹന വകുപ്പ് സേഫ് കേരള പദ്ധതിയുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വിഭാവന ചെയ്ത വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് ‘Fully Automate d Traffic Enforcement System’<br><br>ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 12 ജില്ലകളിലായി എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമുകളും ഒരു ഡാറ്റാ സെന്റർ അടങ്ങുന്ന സെൻട്രൽ കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. 675 എ ഐ അധിഷ്ഠിത എൻഫോഴ്സ്മെന്റ് സംവിധാനങ്ങളും 25 പാർക്കിംഗ് വയലേഷൻ കണ്ടെത്താനുള്ള സംവിധാനങ്ങളും, 8 അമിത വേഗം കണ്ടെത്താനുള്ള സംവിധാനങ്ങളും, 18 റെഡ് ലൈറ്റ് വയലേഷൻ കണ്ടെത്താനുള്ള 8 സംവിധാനങ്ങളും ആണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ സംവിധാനങ്ങൾ വഴി കണ്ടെത്തുന്ന നിയമലംഘനങ്ങൾ അതാത് ജില്ലാ കൺട്രോൾ റൂമുകളിൽ നിന്നും ബന്ധപ്പെട്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ അംഗീകാരത്തിനു ശേഷം വാഹന ഉടമകൾക്ക് നോട്ടീസ് ആയി അയക്കുന്നു. ഇതിനു ആവശ്യമായ എല്ലാ ഐ.റ്റി ഉപകരണങ്ങളും, 5 വർഷത്തെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെയും പദ്ധതിയുടെ ഭാഗമായി കെൽട്രോൺ നൽകിയിട്ടുണ്ട്.പദ്ധതി കാര്യക്ഷമമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ